## 1119

വന്നു കേൾപ്പിൻ സ്നേഹിതരേ! ദൈവത്തിന്റെ വചനം
ഇന്നു ഞങ്ങൾ ഘോഷിക്കുന്ന രക്ഷയിൻ വിളംബരം

1 നാശപാത്രരായവർക്കു രക്ഷയിൻ നൽദൂതിനെ
നൽകുവാനായ് ഞങ്ങൾ വന്നു യേശുവിന്റെ നാമത്തിൽ-

2 കേട്ടുകൊൾവിൻ കേട്ടുകൊൾവിൻ ദിവ്യദൂതു സാദരം
കേട്ടു നിങ്ങൾ വിശ്വസിച്ചുകൊൾവിനെന്നാൽ ജീവിക്കും-

3 ലോകമെല്ലാം ലാഭമാക്കി ദേഹിയെ കെടുക്കുകിൽ
ശോകമല്ലാതെന്തു ലാഭമുണ്ടു ലഭ്യമാകുവാൻ-

4 സ്വന്തരക്ഷ തേടിടാതെ ഹന്ത! ജീവിച്ചിടുകിൽ
എന്തരിഷ്ടരായ് ഭവിക്കും അന്ത്യവിധിനാളികൽ-

5 ഇത്രവല്യ ഇത്രവല്യ രക്ഷയെ നിഷേധിച്ചാൽ
കർത്തൻ വിധിചൊല്ലും നാളിലെങ്ങനെയൊഴിഞ്ഞുപോം?

6 ഇക്ഷണത്തിൽ ഇക്ഷണത്തിൽ രക്ഷകന്റെ പാദത്തിൽ
പക്ഷമോടണഞ്ഞു വന്നു രക്ഷപ്രാപിച്ചിടുവിൻ- **P.V.T.**